**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 634** **03.3.2020 -ൽ മറുപടിയ്ക്ക്**

**ഏറത്ത് നെടുംകുന്ന് മല ടൂറിസം**

| | ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | അടൂർ മണ്ഡലത്തിലെ ഏറത്ത് നെടുംകുന്ന് മല ടൂറിസം പദ്ധതിയുടെ ഫയൽ നടപടി സംബന്ധിച്ച പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | 2017 സെപ്റ്റംബർ മാസത്തിൽ മൂന്ന കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിക്കായി 50% തുക പത്തനംതിട്ട ഡി.റ്റിപിസിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ച റവന്യു ഭൂമി കൈമാറി കിട്ടാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) | പത്തനംതിട്ട ഡി .ടി .പി .സി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഉപയുക്തമാക്കേണ്ടുന്ന റവന്യൂ വകുപ്പിന്റെ ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതിൻമേൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | ബി) | പ്രസ്തു സ്ഥലം പത്തനംതിട്ട ഡി.റ്റി.പി.സിയ്ക്ക് കൈമാറുവാൻ സാധിക്കില്ലെന്നും ടി സ്ഥലത്തിന്റെ മതിപ്പ് വില അടിസ്ഥാനമാക്കി നിശ്ചിത തുകയ്ക്ക് ഡി.റ്റി.പി.സിയ്ക്ക് പാട്ടത്തിന് നൽകാമെന്നും പത്തനംതിട്ട ഡി.റ്റി.പി.സി സെക്രട്ടറിയെ റവന്യു അധികൃതർഅറിയിച്ചിട്ടുണ്ട്. |
| സി) | അനുബന്ധ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി മതിയായ ഫണ്ട് ലഭ്യമായിട്ടും ഭൂമി ലഭ്യതാപ്രശ്നത്തിൽ നിലവിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) & ഡി) | പ്രസ്തുത സ്ഥലം പാട്ടത്തിന് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പത്തനംതിട്ട ഡി.റ്റി.പി.സി സെക്രട്ടറി സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| ഡി) | ടൂറിസം വകുപ്പിന് ഭൂമി ഏറ്റെടുക്കുന്നതിന് കഴിയില്ലായെങ്കിൽ റവന്യൂ വകുപ്പിൽ നിന്നും പാട്ടത്തിന് പ്രസ്തുത ഭൂമി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സഹായക നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ